(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഒഴിവാക്കാനായി ഒരു കോമൺ ടി. എസ്. ഡി. എഫ്. കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾക്കായി കെ. എസ്. ഐ. ഡി. സി.-യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള എൻവിറൊ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയും രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി എഫ്. എ. സി. റ്റി.-യിൽ നിന്നും 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി ഒരു ടി. എസ്. ഡി. എഫ്. ഓപ്പറേറ്ററെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മാലിന്യം ഉണ്ടാക്കുന്ന വ്യവസായശാലകളുടെ ഓഹരിയും ടി. എസ്. ഡി. എഫ്. ഓപ്പറേറ്ററുടെ കോൺട്രിബ്യൂഷനും സംസ്ഥാന/കേന്ദ്രഗവൺമെന്റുകളുടെ ഗ്രാന്റും ലോണും ഉപയോഗിച്ച് പദ്ധതി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തൊഴിൽ രഹിതരായവർക്ക് തൊഴിൽ സംരംഭത്തിനുള്ള സഹായം നൽകുന്നതിന് നടപടി

120 [1293] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായവർക്ക് തൊഴിൽ സംരംഭത്തിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിച്ച് വായ്പാ സഹായം നൽകുന്നതിന് എന്ത് തുക സർക്കാരിന് വേണ്ടിവരുമെന്ന് വിശദമാക്കാമോ;

(സി) വായ്പാ വിതരണം നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വ്യക്തമാക്കാം. പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിപ്രകാരം ലഭിച്ച അപേക്ഷകളിൽ 30-6-2005-ലെ കണക്കനുസരിച്ച് തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളുടെ വിവരം ജില്ലാടിസ്ഥാനത്തിൽ ചുവടെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

	ജില്ല	തീർപ്പു കൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം
1.	തിരുവനന്തപുരം	355
2.	കൊല്ലം	417
3.	ആലപ്പുഴ	60
4.	പത്തനംതിട്ട	96
5.	ഇടുക്കി	215
6.	കോട്ടയം	44
7.	എറണാകുളം	89
8.	തൃശ്ശൂർ	9
9.	പാലക്കാട്	332
10.	മലപ്പുറം	94
11.	കോഴിക്കോട്	240
12.	വയനാട്	279
13.	കണ്ണൂർ	402
14.	കാസർഗോഡ്	400
	ആകെ	**3032**

(ബി) ബാങ്കുകൾ മുഖേന വായ്പ അനുവദിച്ച് തുക വിതരണം ചെയ്ത് സംരംഭം ആരംഭിച്ചു കഴിഞ്ഞശേഷം കേന്ദ്ര സർക്കാർ റിസർവ് ബാങ്ക് മുഖാന്തിരം ബന്ധപ്പെട്ട ബാങ്കുകളിലേക്ക് ഈ പദ്ധതി പ്രകാരം വ്യക്തിഗത അപേക്ഷകന് അർഹമായ 15% സബ്സിഡി പരമാവധി 7500 രൂപ നൽകുകയാണ് ചെയ്യുന്നത്. കൂടാതെ പരിശീലനത്തിനു സ്റ്റൈപ്പന്റും നൽകുന്നുണ്ട്. അതിനാൽ കൃത്യമായ തുക മുൻകൂട്ടി കണക്കാക്കാൻ കഴിയില്ല.

(സി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി ഒരു തുടർ പ്രക്രിയ ആയതിനാൽ ഈ അപേക്ഷകളിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അപേക്ഷകരെ ടാസ്ക് ഫോഴ്സ് കമ്മിറ്റി മീറ്റിംഗിനുക്ഷണിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.